"ഭരണഭാഷ - മാതൃഭാഷ"

**വിവരാവകാശം/മറുപടി**

നമ്പർ: D4-2256/18

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 19.02.2018.
Email : swdkerala@gmail.com
Phone: 0471 - 2306040.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. അനിൽ കുമാർ എം.,
S/o അപ്പക്കുഞ്ഞി,
മാളംകൈ ഹൗസ്,
കാറഡുക്ക പി.ഒ.,
മുളിയാർ (വഴി),
കാസർഗോഡ്.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശം 2005 - മറുപടി അയയ്ക്കുന്നത് - സംബന്ധിച്ച്:

സൂചന:- താങ്കളുടെ 07.02.2018-ലെ വിവരാവകാശ പ്രകാരമുള്ള അപേക്ഷ.

FCD 23/2/18

സൂചന വിവരാവകാശ പ്രകാരമുള്ള അപേക്ഷ മറുപടി ഇതോടൊപ്പം ചേർക്കുന്നു.

1. 16.08.1999 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ employment exchange വഴി താൽക്കാലിക നിയമനം ലഭിച്ച ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്താനുള്ള സർക്കാർ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ പ്രസ്തുത കാലയളവിൽ സേവനമനുഷ്ഠിച്ച 8 പേർക്ക് കൂടി നിയമനം ലഭിക്കാനുണ്ട്. ആയത് സംബന്ധിച്ച് ഇവർക്ക് മറ്റു വിവിധ വകുപ്പുകളിൽ ബന്ധപ്പെട്ട തസ്തികകളിൽ പുനർ നിയമനം നൽകുന്നതിന് സർക്കാറിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

2. സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലല്ല പുനർ/സ്ഥിര നിയമനം നടത്തുന്നത്. അപേക്ഷകരിൽ നിന്നും ബന്ധപ്പെട്ട രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക്

AN

പുനർ/സ്ഥിര നിയമനത്തിനായി സർക്കാരിലേയ്ക്ക് ഈ കാര്യാലയത്തിൽ നിന്നും ശുപാർശ ചെയ്തയയ്ക്കുകയാണ് ചെയ്യുന്നത്.

3. പ്രത്യേക മാനദണ്ഡമില്ല.

ശ്രീ. എച്ച്.എൽ. പരമേശ്വരന്റെ നിയമന ഉത്തരവ് പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

4. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പുനർ/സ്ഥിര നിയമനം ലഭിക്കുന്നതിനായി സർക്കാരിലേയ്ക്ക് ഈ കാര്യാലയത്തിൽ നിന്നും അപേക്ഷ നൽകിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

താങ്കൾ ഈ മറുപടിയിൽ തൃപ്തനല്ലെങ്കിൽ മറുപടി കിട്ടി 30 ദിവസത്തിനകം അപ്പീൽ അധികാരിയായ **അഡീഷണൽ ഡയറക്ടർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, 5-ാം നില, തിരുവനന്തപുരം-695 033** എന്ന വിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്.**

AN